# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*682 04.04.2018 ൽ മറുപടിക്ക്**

**പൊതുമരാമത്ത് നിർമ്മാണ പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ചുവടെ കാണുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്<br><br>കെട്ടിടത്തിനുള്ള സ്ഥല ലഭ്യത പ്രവൃത്തി ഏറ്റെടുക്കുമ്പോൾ തന്നെ ഉറപ്പു വരുത്തുന്നുണ്ട്.<br><br>പ്രവൃത്തിയുടെ എഗ്രിമെന്റ് നടത്തി പത്ത് ദിവസത്തിനുള്ളിൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്നുണ്ട്.<br><br>പ്രവൃത്തി ആരംഭിച്ച് പുരോഗമിക്കുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡ്രോയിംഗ്സ് നൽകി വരുന്നുണ്ട്.<br><br>വിവിധ തലങ്ങളിൽ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുവാനായി കൃത്യമായി അവലോകന യോഗങ്ങൾ നടത്താറുണ്ട്.<br><br>കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരനുമായുള്ള ഉടമ്പടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഒരു നിശ്ചിത കാലാവധി നിർണ്ണയിക്കാറുണ്ട്. കരാറുകാരന്റെ വീഴ്ച മൂലം നിശ്ചിത കാലാവധിക്കപ്പുറം പ്രവൃത്തി നീണ്ടു പോവുകയാണെങ്കിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ (2112.1) പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനുള്ള വ്യവസ്ഥ പ്രകാരം പിഴ ഈടാക്കാറുണ്ട്.<br><br>കൂടാതെ നിശ്ചിത കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്ന കരാറുകാരന് എസ്റ്റിമേറ്റ് പി എ സി യുടെ 1% അല്ലെങ്കിൽ നാലു ലക്ഷം രൂപ (ഏതാണോ കുറവ്) എന്ന നിരക്കിൽ ഇൻസെന്റീവ് നൽകാറുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിൽ നടത്തുന്ന പ്രവൃത്തികളുടെ |

എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കുന്നത് കൊണ്ട് കാലതാമസം ഒഴിവാകുന്നുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികൾ എല്ലാം തന്നെ ഇ -ടെണ്ടർ വഴി ചെയ്യുന്നതുകൊണ്ട് അഴിമതിയും കാലതാമസവും ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി സ ഉ (കൈ) നം. 1/2018/പൊമവ തീയതി 05.02.2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ത്രീ-ടയർ ക്വാളിറ്റി കൺട്രോൾ( three tier quality control ) സിസ്റ്റം നിലവിലുണ്ട്. ഇതിൻ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാർ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന മെറ്റീരിയൽസ് അംഗീകാരമുള്ള ലാബുകളിൽ സമർപ്പിച്ച് ഗുണനിലവാരം പരിശോധിച്ച് ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ഉറപ്പുവരുത്താറുണ്ട്. സെക്കന്റ് ടയർ ക്വാളിറ്റി സിസ്റ്റം നടപ്പിലാക്കിയതിന്റെ ഭാഗമായി ഗുണനിലവാര നിർണ്ണയത്തിനായി എല്ലാ ജില്ലകളിലും ഒരു അസി.എക്സി.എഞ്ചിനീയറുടെ അധീനതയിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. 5 കോടി രൂപയ്ക്ക് പുറത്തുവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുവാൻ പുതുക്കിയ മാന്വൽ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

റോഡുകളുടെയും പാലങ്ങളുടെയും മറ്റ് നിർമ്മിതികളുടെയും നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം നിശ്ചിത കാലാവധിക്കുള്ളിൽ (ഡിഫക്ട് ലയബിലിറ്റി കാലവധിക്കുള്ളിൽ) വരുന്ന തകരാറുകൾ കരാറുകാരന്റെ സ്വന്തം ചെലവിൽ പരിഹരിക്കുവാൻ നിർമ്മാണ കരാറിൽ വ്യവസ്ഥകൾ ഉൾകൊള്ളിച്ചിട്ടുണ്ട്, ഈ വ്യവസ്ഥ കരാറുകാരൻ പാലിക്കപ്പെടാത്ത പക്ഷം അറ്റകുറ്റപണികൾക്ക് ചെലവാകുന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കാറുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് KWA, KSEB, BSNL മറ്റ് ഏജൻസികളുടെ യൂട്ടിലിറ്റീസ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) പദ്ധതി നിർമ്മാണ ചുമതലയുള്ള ഉദ്യോഗസ്ഥരെ പദ്ധതിപൂർത്തീകരണം വരെ പ്രസ്തുത ചുമതലയിൽ നിലനിർത്തുന്നതു കൊണ്ട് അവർ ചെയ്യുന്ന പ്രവർത്തികളിൽ കൂടുതൽ ഉത്തരവാദിത്തം ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ; | ബി) പദ്ധതി നിർമ്മാണ ചുമതലയുള്ള ഉദ്യോഗസ്ഥരെ പദ്ധതിപൂർത്തീകരണം വരെ പ്രസ്തുത ചുമതലയിൽ നിലനിർത്തുന്നതു കൊണ്ട് അവർ ചെയ്യുന്ന പ്രവർത്തികളിൽ കൂടുതൽ ഉത്തരവാദിത്തം ഉണ്ടാവുകയും ആ പ്രവൃത്തി കൂടുതൽ കാര്യക്ഷമമായി പൂർത്തീകരിക്കുവാനും സാധിക്കുന്നതാണ്. |
| സി) പ്രസ്തുത ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമില്ലായ്മ മൂലം പദ്ധതി നടത്തിപ്പിൽ സാമ്പത്തിക നഷ്ടമുണ്ടായാൽ അവരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | സി) & ഡി) ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തമില്ലായ്മ മൂലം പദ്ധതി നടത്തിപ്പിൽ സാമ്പത്തിക നഷ്ടമുണ്ടായാൽ അവരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിന് നിലവിൽ വ്യവസ്ഥ ഉണ്ട്. അത്തരം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടുതൽ വ്യവസ്ഥകൾ വേണ്ടതുണ്ടോ എന്ന് പരിശോധിച്ചു വരുന്നു. |
| ഡി) ഉത്തരവാദിത്തരാഹിത്യം കൊണ്ടുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിന് ഫലപ്രദമായ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോയെന്ന് അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ